**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2918** **18-03-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്കായി വനം വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **null**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ അഞ്ച് വർഷം വനം വകുപ്പ് വയനാട്ടിൽ നടപ്പാക്കിയ വിവിധ പദ്ധതികളിൽ ആദിവാസികൾക്കായി ഓരോ പദ്ധതിയിലും എത്ര രൂപ വീതം നീക്കിവെച്ചുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും അതിൻറെ വിശദമായ കണക്കും ലഭ്യമാക്കാമോ; | (എ) | കഴിഞ്ഞ അഞ്ച് വർഷം വനം വകുപ്പ് വയനാട്ടിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദവിവരം അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) | കോട്ടയം, ഇടുക്കി ജില്ലകളിലെ ആദിവാസികൾക്കായി ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ അനുവദിച്ചുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നുമുള്ള വിശദമായ കണക്കും ലഭ്യമാക്കാമോ? | (ബി) | കോട്ടയം, ഇടുക്കി ജില്ലകളിലെ ആദിവാസികൾക്കായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| ക്രമ നമ്പർ | ഡിവിഷൻ | ചിലവഴിച്ച തുക (ലക്ഷത്തിൽ) | പദ്ധതികൾ ചുരുക്കത്തിൽ |
|---|---|---|---|
| 1. | നോർത്ത് വയനാട് | 30.125 | സോളാർ പവർ ഫെൻസിംഗ്, വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ, വനവിഭവങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ മുതലായവ |
| 2. | സൗത്ത് വയനാട് | 36.27 | ട്രൈബൽ വാച്ചർമാരെ ഫോറസ്റ്റ് പ്രൊട്ടക്ഷന് നിയോഗിക്കൽ, വന്യജീവി ആക്രമണം തടയുന്നതിന് വേണ്ടി ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിക്കൽ, കോളനികളിൽ എൽ.പി.ജി ഗ്യാസ് സ്റ്റവ്, വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ, വനവിഭവങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ മുതലായവ. |
| 3. | വയനാട് വൈൽഡ്ലൈഫ് | 195.49 | അംഗൻവാടിക്കുള്ള പഠനസാമഗ്രികളുടെ വിതരണം, മെഡിക്കൽ ക്യാമ്പ്, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, കുടിവെള്ള പദ്ധതി, സെറ്റിൽമെന്റുകളിലെ ഭീഷണിയായി നിൽക്കുന്ന മരം മുറിക്കൽ, അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ, ട്രൈബൽ വാച്ചർമാരെ നിയോഗിക്കൽ, വിദ്യാഭ്യാസ സഹായം, കുടിവെള്ളം ഒരുക്കൽ മുതലായവ. |

**അനുബന്ധം - 2**

| ക്രമ നമ്പർ | ഡിവിഷൻ | ചിലവഴിച്ച തുക (ലക്ഷത്തിൽ) | പദ്ധതികൾ ചുരുക്കത്തിൽ |
|---|---|---|---|
| 1. | കോട്ടയം | 2.937 | ഗ്യാസ് കണക്ഷൻ |
| 2. | മൂന്നാർ | 321.304 | പ്രാദേശിക ചന്ത, റോഡ് അറ്റകുറ്റപണി, വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ, വീട് നിർമ്മാണം, ഫെൻസിംഗ്, ട്രെഞ്ചിംഗ്, ആദിവാസികൾക്ക് ഉപയോഗത്തിനുള്ള വാഹനം, ഗ്യാസ് കണക്ഷൻ |
| 3. | മാങ്കുളം | 32.3 | പ്രാദേശിക ചന്ത, ഗ്യാസ് കണക്ഷൻ, റോഡ് അറ്റകുറ്റപണി, മെഡിക്കൽ ക്യാമ്പ്, ജലവിതരണം. |
| 4. | മറയൂർ | 40.326 | ഗ്യാസ് കണക്ഷൻ, പ്രാദേശിക ചന്ത, ആദിവാസികൾക്ക് ഉപയോഗത്തിനുള്ള വാഹനം, വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ. |
| 5. | ഫീൽഡ് ഡയറക്ടർ, കോട്ടയം (വൈൽഡ്ലൈഫ്, മൂന്നാർ, പെരിയാർ ഈസ്റ്റ്, പെരിയാർ വെസ്റ്റ്, വൈൽഡ്ലൈഫ്, ഇടുക്കി ഡിവിഷനുകൾ) | 587.54 | റോഡ് അറ്റകുറ്റപണി, സോളാർ ഫെൻസിംഗ്, സോളാർ എനർജി വിളക്ക്, ആനപ്രതിരോധ കിടങ്ങിന്റെ അറ്റകുറ്റപണി, എൽ.പി.ജി. കണക്ഷൻ, വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ, നൈപുണ്യ പരിശീലനം മുതലായവ. |